gulfmadhyamam

2014 ജൂലൈ 15 ● ചൊവ്വ

# സോജി മാത്യുവിൻെറ കുടുംബത്തിന് ഒരുമ സഹായം കൈമാറി

**കുവൈത്ത് സിറ്റി:** ഒരുമ സാമൂഹ്യക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ മരിച്ച കോട്ടയം കാണക്കാരി അറുപതുകാലായിൽ സോജി മാത്യുവിൻെറ കുടുംബത്തിനുള്ള സഹായധനം വിതരണം ചെയ്തു. മൂന്ന് ലക്ഷം രൂപ വെൽഫെയർ പാർട്ടി കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സോജി മാത്യുവിൻെറ ഭാര്യ മഞ്ജുവിന് കാണക്കാരിയിലെ വസതിയിൽവെച്ച് കൈമാറി. വെൽഫെയർ പാർട്ടി കോട്ടയം ജില്ലാ പ്രസിഡൻറ് സണ്ണി മാത്യു, ജനറൽ സെക്രട്ടറി എ.എം. അബ്ദുസ്സമദ്, സെക്രട്ടറി കെ.കെ.എം. സാദിഖ്, വൈക്കം മണ്ഡലം കമ്മിറ്റിയംഗം റഷീദ്, പൂഞ്ഞാർ മണ്ഡലം കമ്മിറ്റിയംഗം പി.എം. ആനിഷ് തുടങ്ങിയവർ സംബന്ധിച്ചു.

കേരള ഇസ്‌ലാമിക് ഗ്രൂപ്പിൻെറ മേൽനോട്ടത്തിലാണ് പദ്ധതി പ്രവർത്തിക്കുന്നത്. അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും നൽകി അംഗമാകുന്നവർ മരിച്ചാൽ അവർ നിർദേശിച്ച വ്യക്തിക്ക് രണ്ട് ലക്ഷം രൂപയും ഒരു വർഷത്തിലധികം തുടർച്ചയായി അംഗമായി തുടരുന്നവർ മരിച്ചാൽ മൂന്ന് ലക്ഷം രൂപയും നൽകുന്നതാണ്പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് 97939049 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.